വിവരാവകാശ നിയമം 2005

ഭരണ ഭാഷ-മാതൃഭാഷ

**GOVERNMENT OF KERALA**

നം.202/ഡി3/18/സാ.നീ.വ

സാമൂഹ്യനീതി (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി 9.11.2018

16167

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ശ്രീ.വിനീത്.പി.വി,
പൂവത്തുംമൂട്ടിൽ വീട്,
അരുവപ്പാറ.പി.ഒ, പെരുമ്പാവൂർ

21 NOV 2018

സർ,

വിഷയം - സാമൂഹ്യ നീതി വകുപ്പ് -വിവരാവകാശ നിയമം 2005- മറുപടി നൽകുന്നത് സംബന്ധിച്ച്

സൂചന- 2.11.2018 ലെ 727/എസ്.സി1/2018/പൊ.ഭ(എസ്.സി) കത്ത് മുഖേന 5.11.2018 ൽ ഈ കാര്യാലയത്തിൽ ലഭിച്ച 29.10.2018 ലെ താങ്കളുടെ വിവരാവകാശ പ്രകാരമുള്ള അപേക്ഷ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താങ്കളുടെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഈ വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. കാഴ്ചവൈകല്യമുള്ളവരുൾപ്പെടെയുള്ള അംഗപരിമിതർക്ക് സർക്കാർ നിയമനങ്ങളിൽ നിലവിൽ 3% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ആയത് 4% ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 40% വൈകല്യമുള്ള അംഗപരിമിതർക്ക് വികലാംഗ പെൻഷൻ അനുവദിച്ചു വരുന്നുണ്ട്. അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, കാഴ്ചവൈകല്യമുള്ളവർക്ക് വൈറ്റ്കെയിൻ മുതലായ സഹായോപകരണങ്ങൾ എന്നിവ വിവിധ സർക്കാർ ഏജൻസികൾ മുഖാന്തിരം നല്കി വരുന്നു. ലഭ്യമായ വിവരം താങ്കൾക്ക് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നേരിട്ട് നൽകുന്നതിനായി താങ്കളുടെ അപേക്ഷ സാമൂഹ്യനീതി ഡയറക്ടറേറ്റിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് വിവരാവകാശ നിയമം 2005 വകുപ്പ് 6(3) പ്രകാരം കൈമാറിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. കേന്ദ്ര ഗവൺമെന്റ്,കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് വിവരങ്ങൾക്കായി അതാത് ഓഫീസുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപ്പീൽ അധികാരിയുടെ മേൽവിലാസം -
ശ്രീമതി.ബിന്ദു.കെ.കെ,
ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്,
ഗവ.സെക്രട്ടേറിയേറ്റ്
Ph.0471-2518262

വിശ്വസ്തതയോടെ,

മേരി ജോ.വി
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി

പകർപ്പ്-സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം(ലഭ്യമായ വിവരങ്ങൾ...

727/SC1/18
1-11-18

OFFICE OF THE CHIEF SE... COURT FEE Rs.10 INDIA TEN RUPEES ... NOV 2018

# വിവരാവകാശ നിയമം 2005 പ്രകാരം നൽകുന്ന അപേക്ഷ

From,

വിനീത്. പി.വി
പുവത്തുംമുട്ടിൽ വീട്
അരുവപ്പാറ പി.ഒ
പെരുമ്പാവൂർ
Mob.No. 85478619 91

To,

ദി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ചീഫ് സെക്രട്ടറി
സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ,

40% കണ്ണിന് വൈകല്യമുള്ള വ്യക്തിക്ക് സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ആയതിന്റെ വിശദമായ മറുപടി നൽകുക.

29.10.2018
പെരുമ്പാവൂർ

അപേക്ഷകൻ
വിനീത്. പി.വി
[signature]